പ്രസിദ്ധീകരണത്തിന്

സംസ്ഥാനത്ത് മുന്നാക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സംവരണം സർക്കാർ നടപ്പിലാക്കിയെങ്കിലും ആ വിഭാഗത്തിന് അതിന്റെ പ്രയോജനം വേണ്ടവണ്ണം ലഭിക്കുന്നില്ല എന്ന വസ്തുത പറയാതെവയ്യ. മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണം സംസ്ഥാനത്ത് നടപ്പിലാക്കിയതിലുള്ള അപാകതകൾ ആണ് ഇതിനു കാരണം. അവ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻ.എസ്.എസ്. നേരത്തെതന്നെ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുള്ളതാണ്.

സംസ്ഥാനസർക്കാർ നിയമിച്ച മുന്നാക്കകമ്മീഷൻ മുന്നാക്കസമുദായങ്ങളുടെ പട്ടിക ഉൾപ്പെടുന്ന റിപ്പോർട്ട് 2019-ൽ സമർപ്പിക്കുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തെങ്കിലും മുന്നാക്കസമുദായപട്ടിക നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തത് സാമ്പത്തികസംവരണത്തിന്റെ പ്രയോജനം മുന്നാക്കവിഭാഗത്തിന് ലഭിക്കാതിരിക്കുന്നതിന് ഒരു പ്രധാന കാരണമാണ്.

സാമ്പത്തികസംവരണത്തിനുള്ള അർഹത നിശ്ചയിക്കുന്നത് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കെ, മുന്നാക്കസമുദായപട്ടികയിൽ ഉൾപ്പെടാത്തവർക്ക് സംവരണം നേടാൻ കഴിയാത്ത സ്ഥിതിയും നിലവിലുണ്ട്.

മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിച്ചാൽ മാത്രമേ ഏതൊക്കെ സമുദായങ്ങൾക്ക് സംവരണത്തിന് അർഹതയുണ്ട് എന്നു നിശ്ചയിക്കാൻ കഴിയൂ. സാമ്പത്തികസംവരണം ലഭിക്കുന്നതിനു വേണ്ടി റവന്യൂഅധികാരികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നല്കാതിരിക്കുന്നതും ഈ കാരണത്താലാണെന്നു കരുതേണ്ടിയിരിക്കുന്നു.

അതിനൊരു പരിഹാരമായി, മുന്നാക്കസമുദായപട്ടിക കാലവിളംബം കൂടാതെ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഉപഹർജിയും ഹൈക്കോടതിയിൽ ഫയൽചെയ്ത മുൻഹർജിയോടൊപ്പം ഇപ്പോൾ എൻ.എസ്.എസ്. സമർപ്പിച്ചിരിക്കുകയാണ്.

പെരുന്ന
11.2.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി